DESPATCHED On.28/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1493*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12432*/എസ്.ഐ.സി-ജി 6/20)***

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സൂരജ് കെ.കെ.,
കൊല്ലംപറമ്പിൽ വീട്,
എളങ്കുന്നപ്പുഴ,
പിൻ – 682 503.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്,
മാലിപ്പുറം പി.ഒ., പിൻ – 682 511.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്,
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.05.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.06.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.06.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28.07.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും എസ്.പി.ഐ.ഒ. ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 29.05.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കോവിഡ്-19 മായി ബന്ധപ്പെട്ട് ടി പഞ്ചായത്ത് 4-ാം വാർഡിൽ മോണിറ്ററിംഗ് കമ്മറ്റി ചേർന്നതിന്റെ മിനിറ്റ്സിന്റെ പകർപ്പ്, ടി കമ്മിറ്റി അംഗങ്ങളുടെ വിശദാംശങ്ങൾ, (മേൽവിലാസം)

2) കോവിഡ്-19 മായി ബന്ധപ്പെട്ട് 4-ാം വാർഡിൽ BPCL നൽകിയ സൗജന്യകിറ്റ് 15 എണ്ണം കൈപ്പറ്റിയ വാർഡ് പരിധിയിലുള്ള പൗരന്മാരുടെ മേൽവിലാസം,

3) നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ കാലയളവിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ എണ്ണം, അതിൽ 4-ാം വാർഡ് മെമ്പർ പങ്കെടുത്ത കമ്മറ്റികളുടെ എണ്ണം നൽകണമെന്നുമാണ്.

3. ആയതിന് 24.06.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

ക്രമനമ്പർ (1),(2) എന്നിവ സംബന്ധിച്ച രേഖകൾ ടി ഓഫീസിൽ സൂക്ഷിക്കുന്നില്ലെന്നും

3) 29.05.2020ൽ ടിയാൻ ടി ഓഫീസിൽ സമർപ്പിച്ചിട്ടുള്ള എ6-4639/20 നമ്പർ അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ടിയാൻ ആവശ്യപ്പെട്ട രീതിയിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും പഞ്ചായത്ത് കമ്മിറ്റി ചേരുന്നത് സംബന്ധിച്ച് വിവരങ്ങളും യോഗത്തിൽ ഹാജരായവരുടെ വിവരങ്ങളും മിനിറ്റ്സ് ബുക്കിലാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നേരിൽ ഹാജരായി ടിയാനാവശ്യപ്പെട്ട രേഖകൾ പരിശോധിക്കാവുന്നതാണെന്നുമാണ്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 28.07.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നു കാണിച്ച് ടി ഓഫീസിൽ അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും അപ്പീൽ അധികാരി എസ്.പി.ഐ.ഒ.യോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന് 15.07.2020ന് മറുപടി ലഭിച്ചിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടി ട്ടുള്ളത് മൂന്നു കാര്യങ്ങളാണെന്നും ആയതിൽ രണ്ടു ചോദ്യങ്ങൾക്കും എസ്.പി.ഐ.ഒ. നൽകിയ മറുപടി 'ഇതു സംബന്ധിച്ച രേഖകൾ ടി ഓഫീ സിൽ സൂക്ഷിക്കുന്നില്ല' എന്നാണ്. നൽകിയ മറുപടി തൃപ്തികരമല്ലെന്ന് അപ്പീൽ അധികാരി വിലയിരുത്തിയെന്നാണ്.

സർക്കാരിന്റെ 06.05.2020 തീയതിയിലെ സ.ഉ.(സാധാ)നം.831/2020/ത. സ്വഭവ നമ്പർ ഉത്തരവു പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങ ളിലും വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുള്ള താണെന്നും ആയതിന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ് എന്നതിനാൽ, വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റിയുടെ വിവരങ്ങൾ ലഭ്യമല്ലെന്ന് മറുപടി നൽകിയത് ഗ്രാമപഞ്ചായത്തിന്റെ മേലധികാരി കൂടിയായ പൊതു വിവരാവകാശ ഓഫീ സറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്നാണ്.

രണ്ടാമത്തെ ചോദ്യത്തിന്റെ മറുപടി സംബന്ധിച്ച് കോവിഡ്-19 പ്രതി രോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ ലഭിക്കുന്ന സംഭാവനകളുടെ വിവരങ്ങളും ആയതിന്റെ വിതരണ വിവരങ്ങളും ഗ്രാമപ ഞ്ചായത്തിൽ സൂക്ഷിക്കേണ്ടത് സ്ഥാപന മേധാവിയുടെ ഉത്തരവാദിത്വമാ ണെന്നും എന്നാലും വിവരാവകാശനിയമം വകുപ്പ് 2(എഫ്), 2(ജെ) പ്രകാരം ഒരു പൊതു വിവരാവകാശ ഓഫീസറുടെ പക്കൽ ലഭ്യമായ രജിസ്റ്ററുകളും ഫയലുകളും രേഖകളും നേരിൽ പരിശോധിക്കാനും കുറിപ്പെടുക്കാനും ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിനുള്ള അവസരമാണ് പൗരന് നൽകുന്നതെന്നാണ്.

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ ലഭിക്കുന്ന ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണത്തിന് ഗുണഭോക്താക്കളെ സ്റ്റാറ്റ്യൂട്ടറി രീതിയിൽ തെരഞ്ഞെടുക്കുക പ്രായോഗിക മല്ല എന്ന് അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നാണ്. മൂന്നാമത്തെ ചോദ്യം ടി ഭരണസമിതിയുടെ കാലത്ത് ചേർന്ന പഞ്ചായത്ത് കമ്മിറ്റികളുടെ എണ്ണവും ആയതിൽ 4-ാം വാർഡ് മെമ്പർ പങ്കെടുത്ത കമ്മിറ്റികളുടെ എണ്ണ വുമാണ്. ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെ ന്നാണ്. വിവരാവകാശ നിയമം വകുപ്പ് 7(9) പ്രകാരം ഒരു പൊതുഅധികാര സ്ഥാനത്തിന്റെ നിവൃത്തി മാർഗ്ഗങ്ങളെ അനുയോജ്യമല്ലാതെ വ്യതിചലി ക്കുന്നതിന് ഇടയാക്കുമെന്നതിനാൽ ആഫീസിൽ ഹാജരായി രേഖകൾ പരി ശോധിക്കുവാൻ ആവശ്യപ്പെട്ടതിൽ അപാകതകളൊന്നും ഇല്ലെന്ന് അപ്പീൽ അധികാരി വിലയിരുത്തിയെന്നാണ്. എന്നാൽ സകർമ്മ സോഫ്റ്റ് വെയർ പരിശോധിച്ച് വിവരങ്ങൾ തേടാവുന്നതാണെന്ന് അപേക്ഷകനെ അറിയിക്കാ മായിരുന്നുവെന്ന് അപ്പീൽ അധികാരി നിരീക്ഷിച്ചുകൊണ്ട് ടി ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം അപ്പീൽ വാദി ആവശ്യപ്പെട്ട മൂന്നാമത്തെ ചോദ്യ ത്തിലെ വിവരങ്ങൾക്കായി കേരള വിവരാവകാശ (ഫീസിന്റേയും ചെലവി ന്റേയും ക്രമീകരണം) ചട്ടങ്ങൾ-2006 ചട്ടം 4 ഡി പ്രകാരം പരിശോധന യ്ക്കുള്ള ഫീസ് നിശ്ചയിച്ച് അപ്പീൽവാദിക്ക് നോട്ടീസ് അയക്കുന്നതിനും പരിശോധനയ്ക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നുവെന്നു മാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടു ണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി ഉത്തര വിട്ടിട്ടും ടിയാൻ ആവശ്യപ്പെട്ട രേഖകൾ എസ്.പി.ഐ.ഒ. ലഭ്യമാക്കിയില്ലെ ന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖ കളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1, 2 എന്നിവയ്ക്ക് തൃപ്തികരമായ മറുപടി നൽകിയില്ലെന്ന് കമ്മീഷൻ നിരീക്ഷി

ക്കുന്നു. കൂടാതെ 3-ാം ഇനത്തിനും മറുപടി നൽകിയിട്ടില്ലെന്നും ബോധ്യമായതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ കാണുന്നു. ഇപ്രകാരം മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി കുറ്റക്കാരനാണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/